പി. വി. മനോജ്
കൃഷി വകുപ്പുമന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറി

തിരുവനന്തപുരം
03.05.2018
തീയതി...........................

**പ്രസിദ്ധീകരണത്തിന് -**

# കാർഷിക കർമ്മസേന മാസ്റ്റർ ട്രെയ്നർമാർക്കുള്ള പരിശീലനം; കേരളവും മഹാരാഷ്ട്രയും തമ്മിൽ ധാരണയായി

തിരുവനന്തപുരം: കേരളത്തിൽ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് മഹാരാഷ്ട്ര സർക്കാരിന്റെ അഭിനന്ദനം. മികച്ച നിലയിലുള്ള കാർഷിക കർമ്മസേനയുടെ പ്രവർത്തനം മഹാരാഷ്ട്രയിലെ കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിന് ഇരുസംസ്ഥാനങ്ങൾക്കും പങ്കാളിത്തമുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്ന് മഹാരാഷ്ട്ര സർക്കാരിൽ ആഭ്യന്തരം-ധനകാര്യം-പ്ലാനിംഗ് വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി ശ്രീ. ദീപക് കെ സർക്കാർ വ്യക്തമാക്കി. ഇന്നലെ തിരുവനന്തപുരത്ത് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽ കുമാറുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഇരു സംസ്ഥാനങ്ങളും തമ്മിൽ കാർഷിക മേഖലയിൽ നടത്താൻ പോകുന്ന സഹകരണത്തിന്റെ ഭാഗമായുള്ള ധാരണാപത്രം അടുത്ത അവസരത്തിൽ തന്നെ ഒപ്പുവയ്ക്കും.

കേരളത്തിന്റെ കാർഷിക മേഖലയിൽ സംസ്ഥാന കൃഷി വകുപ്പ് നടത്തുന്ന വികസന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും തങ്ങൾക്ക് അതിൽ നിന്ന് ഏറെ പഠിക്കാനുണ്ടെന്നും ശ്രീ. ദീപക് കെ സർക്കാർ പ്രതികരിച്ചു. കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക രംഗത്തെ യന്ത്രവത്കരണം, മണ്ണ് പരിശോധന തുടങ്ങിയ കാര്യങ്ങളിലെല്ലാം സഹകരണത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽ കുമാർ പറഞ്ഞു. ആദ്യഘട്ടമെന്ന നിലയിൽ കേരള കാർഷിക സർവ്വകലാശാലയിൽ വെച്ച് കാർഷിക കർമ്മസേനയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിൽ നിന്നുള്ള കാർഷിക കർമ്മസേന മാസ്റ്റർ ട്രെയ്നർമാർക്ക് പരിശീലനം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചീഫ് എക്സി.ഓഫീസർ ശ്രീമതി. മഞ്ജുലക്ഷ്മി ഐ എ എസ്, ചീഫ് മാൻഗ്രോ സെൽ ഡോ. വാസുദേവൻ ഐ എഫ് എസ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീ. കിരൺ ഗൗത്തുരെ എന്നിവരും സംസ്ഥാന കൃഷി വകുപ്പിനെ പ്രതിനിധീകരിച്ച് അഗ്രി ചീഫ് ശ്രീ. രാജശേഖരൻ, കൃഷി വകുപ്പ് ഡയറക്ടർ ശ്രീ. എ.എം. സുനിൽ കുമാർ, കാർഷിക കർമ്മ സേന നോഡൽ ഓഫീസർ ഡോ. ജയകുമാർ എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

**പി.വി.മനോജ്**

ഡയറക്ടർ, ഐ&പിആർഡി
**പകർപ്പ്**
എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങൾക്കും

ഫോൺ : 0471-2518885 വസതി : 0471-2459518 ഫാക്സ് : 0471-2333775 മൊബൈൽ : 9447638800
ഇ-മെയിൽ : manojpvijayan@gmail.com